പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1771 — 18.06.2012 ൽ മറുപടിക്ക്

## കള്ളനോട്ട് കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് വ്യാപകമായി കള്ള നോട്ട് പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കള്ളനോട്ടുകൾ വ്യാപകമായി പ്രചരിക്കുന്നില്ലെങ്കിലും പല സ്ഥലങ്ങളിലും ഇവ പിടികൂടി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ അന്യസംസ്ഥാനക്കാർ പ്രതികളായ കേസുകളുടെ എണ്ണം എത്രയാണ്; | (ബി) 54 കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയും 6 കേസുകളിൽ അന്യസംസ്ഥാനക്കാർ പ്രതികളാകുകയും ചെയ്തു. |
| (സി) കള്ളനോട്ട് വ്യാപിക്കുന്നത് തടയുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ? | (സി) ആഭ്യന്തര സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള റിസർവ്വ് ബാങ്ക്, സംസ്ഥാന പോലീസ്, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന State Level Committee on Counterfeit Notes (SLCCN) ആറുമാസത്തിലൊരിക്കൽ യോഗം ചേർന്ന് കള്ളനോട്ട് വ്യാപനം വിലയിരുത്തുന്നുണ്ട്. ക്രൈംബ്രാഞ്ചിന്റേയും ലോക്കൽ പോലീസിന്റേയും, രഹസ്യാന്വേഷണ വിഭാഗത്തിന്റെയും ശക്തവും, ഫലപ്രദവുമായ നടപടികളിലൂടെ സംസ്ഥാനത്ത് കള്ളനോട്ട് നിർമ്മാണവും വ്യാപനവും തടയുന്നതിന് സാധ്യമായിട്ടുണ്ട്. കള്ളനോട്ട് നിർമ്മാണം തടയുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ക്രൈംബ്രാഞ്ചിന് കീഴിൽ ഓർഗനൈസ്ഡ് ക്രൈംവിംഗുകൾ (OCW) രൂപീകരി |

ച്ചിട്ടുണ്ട്. സംശയാസ്പദമായ സ്ഥാപനങ്ങൾ, റയിൽവേസ്റ്റേഷനുകൾ, ബസ്സ്റ്റാന്റുകൾ, കടകൾ എന്നിവിടങ്ങളിൽ ആകസ്മികമായ റെയിഡുകൾ നടത്തിയും സംശയാസ്പദമായ വ്യക്തികളെ നിരീക്ഷിച്ചും, പരിശോധനയ്ക്ക് വിധേയമാക്കിയും കള്ളനോട്ട് നിർമ്മാണവും, വ്യാപനവും, ആയതിന്റെ ഉറവിടവും കണ്ടെത്തി ഫലപ്രദമായി തടയുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി ജോലി ചെയ്തു വരുന്ന സ്ഥലങ്ങളിൽ കള്ളനോട്ടുകൾ വ്യാപരിക്കുന്നുണ്ടോയെന്നും അന്വേഷിച്ചു വരുന്നു. ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയത്തിലെ 489 (എ), (ബി), (സി), (ഡി), (ഇ) വകുപ്പ് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. മുൻകാലങ്ങളിൽ ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിരീക്ഷിക്കുകയും അവരുടെ ജീവിത സാഹചര്യം വിലയിരത്തുകയും ചെയ്യുന്നുണ്ട്. കള്ളനോട്ടുകൾ പരിശോധിക്കുന്നതിനും എ.ടി.എം. കൗണ്ടറുകളിൽ കറൻസികൾ നിക്ഷേപിക്കുമ്പോൾ കള്ളനോട്ടുകൾ ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പുവരുത്തുവാനും, ജാഗ്രത പുലർത്തുന്നതിനുമായി എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ തീരദേശ സുരക്ഷ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി കടൽ മാർഗ്ഗമുള്ള കള്ളനോട്ട് പ്രചരണം തടയാൻ ഫലപ്രദമായി സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ